## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1720 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് നൽകിവരുന്ന ധനസഹായം** | | |
| **ചോദ്യം** | | **ഉത്തരം** |
| ശ്രീ. പുരുഷൻ കടലുണ്ടി | | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വൈദ്യുതി-വാട്ടർ ചാർജ്ജുകൾ ഉൾപ്പെടെ വാടക ഇനത്തിൽ സർക്കാർ നൽകിവരുന്ന ധനസഹായം എത്രയാണ്; | (എ) സംസ്ഥാനത്ത് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടങ്ങളുടെ പ്രതിമാസ വാടക, റൂറൽ, ട്രൈബൽ മേഖലയിൽ 200 രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 750 രൂപ ക്രമത്തിലും, വർദ്ധിപ്പിച്ചുകൊണ്ട് 01/02/2007-ൽ ഉത്തരവായിട്ടുള്ളതാണ്. അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയായതിനാൽ, വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവുകൾ വഹിച്ചു വരുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) | വൈദ്യുതി ചാർജ്ജ് വർദ്ധനവിനെ .തുടർന്ന് ഈയിനത്തിൽ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) സാമൂഹ്യനീതി വകുപ്പിന്റെ പരിധിയിൽപെട്ട കാര്യമല്ല |

സെക്ഷൻ ഓഫീസർ